(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ എത്ര വ്യവസായ യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു;

(ബി) ഇതിലൂടെ എത്ര ആളുകൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു എന്നറിയിക്കുമോ?

ഉത്തരം

(എ) 11 യൂണിറ്റുകൾ. ഇതിൽ 3 യൂണിറ്റുകൾ ഇപ്പോൾ വീണ്ടും പൂട്ടിക്കിടക്കുകയാണ്. ചെറുകിട വ്യവസായ യൂണിറ്റുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 1346 പേർക്ക്. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

19 (594) തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ സംസ്ഥാനത്ത് ആകെ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്നു; ഇതിൽ പൊതുമേഖലയിൽ ഉള്ളവ ഏതെല്ലാം;

(ബി) അവയിൽ എത്രയെണ്ണം തുറന്നു പ്രവർത്തിച്ചു; ഇപ്പോഴും പൂട്ടിക്കിടക്കുന്നവ എത്ര;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് താഴെപ്പറയുന്ന മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുകയായിരുന്നു.

1. കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.
2. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ എ ഡിവിഷൻ.
3. ചാലക്കുടി റിഫ്രാക്ടറീസ്.

(ബി) കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ എ ഡിവിഷൻ എന്നിവ ഈ സർക്കാരിന്റെ കാലത്ത് തുറന്നു പ്രവർത്തിപ്പിച്ചു. ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ് ഇപ്പോഴും പൂട്ടിക്കിടക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പുനരുദ്ധരിക്കുവാൻ കഴിയാത്തതുകൊണ്ട് കേരളാ സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പുമെന്റ് കോപ്പറേഷൻ ലിമിറ്റഡ്, കേരളാ പ്രിമോ പൈപ്പു ഫാക്ടറി ലിമിറ്റഡ് എന്നിവ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ മന്നം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം പ്രവർത്തനം നിലച്ചിട്ടുണ്ട്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ഇപ്പോൾ ലേ ഓഫിലാണ്. പുനരുദ്ധാരണ നടപടികൾ നടന്നുവരുന്നു.

20 (595) സിഡ്കോയിലെ വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായികൾക്ക് പട്ടയം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ വ്യവ സായികൾ സ്ഥലത്തിന്റെ മുഴുവൻ തുകയും അടച്ച്തീരുമ്പോൾ പട്ടയം ആവ ശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) ഇങ്ങനെയുള്ള വ്യവസായികൾക്ക് എത്രയുംവേഗം പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുക ളിൽ വ്യവസായികൾക്ക് സ്ഥലം അനുവദിച്ചിരിക്കുന്നത് താൽക്കാലിക വില സ്വീകരിച്ചുകൊണ്ടാണ്. പട്ടയം ആവശ്യപ്പെട്ടിട്ടുള്ളവരുടെ കാര്യത്തിൽ സ്ഥല ത്തിന്റെ അന്തിമ വിലയുടേയും നേരത്തെ നൽകിയ പ്രൊവിഷണൽ വിലയു ടേയും വ്യത്യാസം വരുന്ന തുക അടയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അന്തിമവില നൽകുന്ന മുറയ്ക്ക് സിഡ്കോയുടെ ശുപാർശ യുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് പട്ടയം നൽകു വാൻ നടപടി സ്വീകരിക്കുന്നതാണ്.

21 (596) മൂടാടി ഗ്രാമ പഞ്ചായത്തിലെ വ്യവസായ പാർക്ക്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമ പഞ്ചായത്ത് വ്യവ സായ പാർക്കിനായി 5 ഏക്കർ സ്ഥലം വിലകൊടുത്ത് സംസ്ഥാന സർക്കാ രിനെ ഏൽപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് വ്യവസായ പാർക്ക് ആരംഭിക്കുവാൻ സർക്കാർ നടപടി എടുക്കുമോ;

(സി) വ്യവസായ പാർക്ക് സ്ഥാപിക്കാൻ സർക്കാർ എന്തെല്ലാം നടപ ടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly